## മുഖ്യമന്ത്രിയുടെ നിലപാട് അപലപനീയം: എ. തങ്കപ്പൻ

**പാലക്കാട്:** സഹകരണ വാരാഘോഷത്തോടനുബന്ധിച്ച് ഉദ്ഘാടനമേളയിൽ സഹകരണ മേഖലയിലെ കാര്യങ്ങളെക്കുറിച്ച് ഒരു മണിക്കൂറോളം പ്രസംഗിച്ച മുഖ്യമന്ത്രി ജില്ലയിലെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ ബോധപൂർവം ഒഴിവാക്കിയത് അപലപനീയമാണെന്ന് ഡി.സി.സി. പ്രസിഡന്റ് എ. തങ്കപ്പൻ. സഹകരണ മേഖലയും കാർഷിക മേഖലയിലെ നെല്ലെടുപ്പ് അതിന്റെ വില നൽകൽ എന്നിവ സംബന്ധിച്ച് എന്തെങ്കിലും പ്രഖ്യാപനം മുഖ്യമന്ത്രിയിൽ നിന്നും ഉണ്ടാവുമെന്ന് പ്രതീക്ഷിച്ച കർഷകർക്ക് തികച്ചും നിരാശജനകമായ പ്രസംഗം ആണ് മുഖ്യമന്ത്രിയിൽ നിന്നും ഉണ്ടായത്. കൊയ്തെടുത്ത നെല്ലുണക്കാൻ സൗകര്യമില്ലാത്തതിനാൽ ഫാൻ ഉപയോഗിച്ചതിനെ തുടർന്ന് ജില്ലയിൽ രണ്ട് കർഷകർ ഷോക്കേറ്റ് മരിച്ച സംഭവം മുഖ്യമന്ത്രിയുടെ പ്രസംഗത്തിൽ എവിടെയും പരാമർശിക്കുക പോലും ചെയ്തില്ല എന്നത് അങ്ങേയറ്റം ഖേദകരമാണെന്നും അദ്ദേഹം വ്യക്തമാക്കി. സഹകരണ മേഖലയിൽ തുടങ്ങാൻ ഉദ്ദേശിച്ച കണ്ണമ്പ്ര റൈസ് മില്ലിന്റെ പ്രവർത്തനങ്ങളിൽ നടന്ന അഴിമതി സ്വന്തം പാർട്ടിക്കാരെ സംരക്ഷിക്കുന്നതിന് വേണ്ടി മറന്ന് കളയുകയാണ് ചെയ്തത്. ഇത്തരത്തിൽ കർഷക പ്രശ്നങ്ങൾ പരിഹരിക്കാതെ മുഖംതിരിച്ച മുഖ്യമന്ത്രിയുടെ നടപടി അങ്ങേയറ്റം പ്രതിഷേധാഹമാണെന്നും എ. തങ്കപ്പൻ പറഞ്ഞു.

# സഹകരണ സംഘങ്ങൾക്ക് പൊതുലോഗോയും ബോർഡും

**പാലക്കാട്:** കേരളത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് ഇനി പൊതുലോഗോയും ബോർഡും. 69 മത് സഹകരണ വാരാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടന വേദിയിൽ സഹകരണ മന്ത്രി വി.എൻ. വാസവനാണ് ഇത് പ്രകാശനം ചെയ്തത്. കേരള സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളെ പൊതുജനങ്ങൾക്കും സഹകാരികൾക്കും വ്യക്തമായി തിരിച്ചറിയുന്നതിനും, ആധികാരികത ഉറപ്പ് വരുത്തുന്നതിനുമാണ് സംഘങ്ങൾക്ക് ഏകീകൃതമായ ഒരു ബോർഡ് ഏർപ്പെടുത്തുന്നത്.

എല്ലാ സഹകരണ സംഘങ്ങളിലും ഈ ബോർഡ് സ്ഥാപിക്കണം. മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ സഹകാരികളെയും, പൊതുജനങ്ങളെയും തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ പ്രവർത്തിക്കുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ ഏകീകൃത ബോർഡ് എന്ന ആശയത്തിന്റെ പ്രസക്തി വലുതാണന്ന് മന്ത്രി ചടങ്ങിൽ പറഞ്ഞു.

കാർഷികമേഖലയും സഹകരണ മേഖലയും തമ്മിലുള്ള നാഭീനാള ബന്ധത്തിന്റെ സൂചകമായി പച്ചനിറത്തിലാണ് ബോർഡ്. ഇത് ഒരു സഹകരണ സ്ഥാപനം എന്ന് എഴുതിയിരിക്കുന്ന ബോർഡിൽ, മുകൾ ഭാഗത്ത് ഒന്നിക്കാം മുന്നേറാം സമൂഹ നന്മയ്ക്കായി എന്ന മുദ്രാവാക്യവും, ബോർഡിന്റെ താഴെ കേരള സഹകരണ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനം എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനൊപ്പം വൃത്താകാരത്തിൽ പിങ്കും വെള്ളയും പശ്ചാതലത്തിൽ സപ്ത വർണ്ണങ്ങളിൽ ഉയർന്നു നിൽക്കുന്ന കൈകളും ഈച്ച് ഫോർ ഓൾ ഓൾ ഫോർ ഈച്ച് എന്ന് ഇംഗ്ളീഷിൽ രേഖപ്പെടുത്തിയതാണ് ലോഗോ. നിലവിൽ സംഘങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ മാറ്റി സ്ഥാപിക്കാതെ തന്നെ വകുപ്പ് തയ്യാറാക്കിയ ഏകീകൃത ബോർഡ് കൂടി സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## ഉപജില്ലാ കലോത്സവം ഇന്ന് ആരംഭിക്കും

**പാലക്കാട്:** പാലക്കാട് വിദ്യാഭ്യാസ ഉപജില്ലാ കലോത്സവം 15,17,18,19 തീയതികളിൽ കാണിക്കമാതാ കോൺവെന്റ് ഇംഗ്ലീഷ് മീഡിയം ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ നടക്കും. 107 സ്കൂളുകളിൽ നിന്നായി 4000-ത്തോളം വിദ്യാർഥികൾ 298 ഇനങ്ങളിൽ മത്സരിക്കും. ഇന്ന് ഓഫ് സ്റ്റേജ് മത്സരങ്ങൾ നടക്കും. 18ന് രാവിലെ 10ന് ഷാഫി പറമ്പിൽ എം.എൽ.എ. ഉദ്ഘാടനം ചെയ്യും. നഗരസഭ അധ്യക്ഷ പ്രിയ അജയൻ അധ്യക്ഷത വഹിക്കും. മൃദംഗവിദ്വാൻ കുഴൽമന്ദം രാമകൃഷ്ണൻ മുഖ്യാതിഥിയാവും. കൗൺസലിർമാരായ മിനി ബാബു, ഹസനുപ്പ, എം. സലീന ബീവി, പി.എസ്. വിപിൻ, കെ. ലക്ഷ്മണൻ, പാലക്കാട് എ.ഇ.ഒ. എ. അബ്ദുൾ ഖാദർ, ബി.പി.സി. എം.ആർ. ശിവപ്രസാദ്, സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ ടെസ്സീന, മാനേജർ സിസ്റ്റർ റോജി, എം.കെ. മുബാറക് പങ്കെടുക്കും. 19ന് വൈകിട്ട് അഞ്ചിന് നടക്കുന്ന സമാപന സമ്മേനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോൾ ഉദ്ഘാടനം ചെയ്യും. പി.ടി.എ. പ്രസിഡന്റ് വി. ഭവജൻ അധ്യക്ഷത വഹിക്കും. ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപഴ്സൺ എ. ഷാബിറ സമ്മാനദാനം നിർവഹിക്കും.




■ ജില്ലാതല ശിശുദിന വാരാചരണത്തിന്റെ ഉദ്ഘാടനം കൊഴിഞ്ഞാമ്പാറയിൽ ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി. മുരുകദാസ് നിർവഹിക്കുന്നു.

# ശിശുദിന വാരാചരണത്തിന് ജില്ലയിൽ തുടക്കമായി

**പാലക്കാട്:** ശിശുദിന വാരാചരണത്തിന് ജില്ലയിൽ തുടക്കമായി. ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് ബാലസൗഹൃദ ബ്ലോക്ക് പഞ്ചായത്തായി പ്രഖ്യാപനം നടത്തിയാണ് ഈ വർഷത്തെ ശിശുദിന വാരാചരണ പരിപാടികൾക്ക് തുടക്കമായത്. കൊഴിഞ്ഞാമ്പാറ ഗവ. യു.പി സ്കൂളിൽ നടന്ന പരിപാടിയുടെ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി. മുരുകദാസ് നിർവഹിച്ചു. ചിറ്റൂർ ബ്ലോക്ക് പരിധിയിലെ കുട്ടികളുടെ അവകാശ സംരക്ഷണത്തിനും ബാലാവകാശ ലംഘനങ്ങൾക്കുമെതിരെ പൊതുസമൂഹത്തിനും വിവിധ കർത്തവ്യവാഹകർക്കും ബോധവത്ക്കരണം നൽകി കുട്ടികൾക്ക് നല്ല ബാല്യം അനുഭവഭേദ്യമാക്കുക എന്നതാണ് ബ്ലോക്ക് തല ബാലസംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പരിപാടിയുടെ ലക്ഷ്യം. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളുടെ എണ്ണം കുറച്ച് പൂർണമായും ബാലസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, ചിറ്റൂർ ബ്ലോക്ക് സംയോജിത ശിശു വികസന പദ്ധതി, കൊഴിഞ്ഞാമ്പാറ വേൾഡ് വിഷൻ എന്നിവ സംയുക്തമായി ചിറ്റൂർ ബാലസൗഹൃദ ബ്ലോക്ക് ആക്ഷൻ പ്ലാൻ തയ്യാറാക്കും. വരും ദിവസങ്ങളിൽ ഇതിനായി പരിശീലന പരിപാടികൾ ആരംഭിക്കുമെന്നും അധികൃതർ അറിയിച്ചു. ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപഴ്സൺ സിന്ധു അധ്യക്ഷയായി. ജില്ലാ ശിശു സംരക്ഷണ ഓഫീസർ എസ്. ശുഭ, സ്കൂൾ പ്രധാനധ്യാപിക ഗുണലക്ഷ്മി, ചിറ്റൂർ ബ്ലോക്ക് ആരോഗ്യ വിദ്യഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ മണികുമാർ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ ബാബുരാജ്, സുബൈറത്ത്, സന്നദ്ധ സംഘടനാ പ്രതിനിധി പി.സി. ജോൺ, ചിറ്റൂർ ശിശു വികസന പദ്ധതി ഓഫീസർ മീനാക്ഷിക്കുട്ടി പ്രസംഗിച്ചു.

## ഹയർസെക്കൻഡറി ഡെപ്യൂട്ടി ഡയറക്ടർ നേരിട്ട് ഹാജരാകണമെന്ന്

**പാലക്കാട്:** മലപ്പുറം ജില്ലയുടെ ചുമതലയുള്ള ഹയർ സെക്കൻഡറി ഡെപ്യൂട്ടി ഡയറക്ടർ ഇന്ന് രാവിലെ 10.30ന് പാലക്കാട് ഗവ. ഗസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിങ്ങിൽ നേരിട്ട് ഹാജരാകണമെന്ന് മനുഷ്യാവകാശ കമ്മിഷൻ.

ഉത്തരവ് ലംഘിച്ചാൽ നിയമാനുസരണം നടപടി നേരിടേണ്ടി വരുമെന്നും കമ്മിഷൻ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് ഉത്തരവിൽ പറഞ്ഞു. പഴമ്പലക്കോട് എസ്.എം.എം. ഹയർ സെക്കൻഡറി സ്കൂൾ അധ്യാപിക ബിത ദാസിന് ശമ്പള കുടിശികയും ആനുകൂല്യങ്ങളും നൽകാൻ ഉദാസീനത കാണിച്ചെന്ന പരാതിയിൽ ഹയർസെക്കൻഡറി (മലപ്പുറം) ഡെപ്യൂട്ടി ഡയറക്ടർക്ക് കമ്മിഷൻ സിറ്റിങ്ങിൽ ഹാജരാകാൻ നോട്ടീസ് അയച്ചിരുന്നു. എന്നാൽ അദ്ദേഹം നേരിട്ട് ഹാജരായില്ല. തുടർന്നാണ് വീണ്ടും നോട്ടീസയച്ചത്. എസ്.എം.എം. ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പലിനും ഇന്ന് നടക്കുന്ന സിറ്റിങ്ങിൽ ഹാജരാകാൻ കമ്മിഷൻ നോട്ടീസയച്ചു.



■ വടക്കഞ്ചേരി വാൽക്കുളമ്പ് പരുമല മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് കാത്തോലിക്കേറ്റ് സെൻട്രലിൽ നടന്ന പെരുന്നാൾ പ്രദക്ഷിണം.

## ശിശുദിനം ആഘോഷിച്ചു

**പാലക്കാട്:** പാലക്കാട് നഗരസഭ വെണ്ണക്കര അംഗനവാടിയിൽ ജവഹർലാൽ നെഹ്റുവിന്റെ 133മത് ജന്മദിനം വിപുലമായി ആഘോഷിച്ചു. അംഗനവാടി ടീച്ചർ ആർ. ജയ അധ്യക്ഷത വഹിച്ചു. നഗരസഭാ കൗൺസിലർ എ. കൃഷ്ണൻ ശിശുദിന റാലിയോടനുബന്ധിച്ച് നടന്ന ആഘോഷ പരിപാടി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ എ.ഡി.എസ്. വൈസ് ചെയർമാൻ ജയലക്ഷ്മി, അംഗനവാടി ഹെൽപ്പർ ഷെമീറ, കുടുംബശ്രീ ഭാരവാഹികളായ മഹാലക്ഷ്മി, ജയന്തി, ഉഷാ ശേഷാദ്രി എന്നിവർ പങ്കെടുത്ത് പ്രസംഗിച്ചു.

## ഗതാഗത നിയന്ത്രണം

**പാലക്കാട്:** ഉണ്ണിയാൽ-എടത്തനാട്ടുകര റോഡിൽ എടത്തനാട്ടുകര ഗവ. ഓറിയന്റൽ ഹൈസ്കൂളിന് മുൻവശത്ത് അറ്റകുറ്റപ്പണി നടക്കുന്നതിനാൽ ഇന്ന് മുതൽ ഭാഗികമായി ഗതാഗതം നിയന്ത്രണം ഏർപ്പെടുത്തുമെന്ന് അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു



■ പാലക്കാട് വെണ്ണക്കര അംഗൻവാടിയിൽ നടന്ന ശിശുദിനാഘോഷം വാർഡ് കൗൺസിലർ എ. കൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

# രാജ്ഭവൻ മാർച്ച്: പങ്കെടുക്കുന്ന സർക്കാർ ജീവനക്കാർക്കെതിരേ നിയമനടപടി: കെ. സുരേന്ദ്രൻ

**പാലക്കാട്:** ഇടത് മുന്നണിയുടെ നേതൃത്വത്തിൽ നടക്കുന്ന രാജ്ഭവൻ മാർച്ചിൽ സർക്കാർ ജീവനക്കാരും തൊഴിലുറപ്പ് പദ്ധതി ജീവനക്കാരെയും പങ്കെടുപ്പിക്കാനുള്ള നീക്കം തടയണമെന്ന് ബി.ജെ.പി. സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ. ഈ ആവശ്യം ഉന്നയിച്ച് ചീഫ് സെക്രട്ടറിക്ക് കത്തു നൽകി. അനുകൂല നടപടി സ്വീകരിക്കാത്തപക്ഷം ചീഫ് സെക്രട്ടറിയടക്കമുള്ള സർക്കാർ ജീവനക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കുമെന്ന് സുരേന്ദ്രൻ പാലക്കാട്ട് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ഭരണത്തിലിരുന്ന് സംസ്ഥാനത്ത് അരാജകത്വം സൃഷ്ടിക്കാനുള്ള നീക്കമാണ് ഇടതുമുന്നണിയുടെ രാജ്ഭവൻ ഘരാവോ. പ്രതിഷേധിക്കാനുള്ള അവകാശം ഇടതുമുന്നണിക്കുണ്ട്. ഇതിൽ പാർട്ടി നേതാക്കൾക്കും പങ്കെടുക്കാം. പക്ഷേ മുഖ്യമന്ത്രി അടക്കം മന്ത്രിമാർക്കും സർക്കാർ ജീവനക്കാർക്കും കേന്ദ്രസർക്കാറിന്റെ വേതനം കൈപ്പറ്റുന്ന തൊഴിലുറപ്പ് തൊഴിലാളികൾക്കും പങ്കെടുക്കാൻ അധികാരമില്ല. രാജ്ഭവനിലേക്ക് അവർ മാർച്ച് നടത്തുന്നത് സർവീസ് ചട്ട ലംഘനമാണ്. ഇത്തരം നടപടി ബി.ജെ.പി.ക്ക് വെറുതെ നോക്കിയിരിക്കാൻ സാധ്യമല്ല.കാർഷിക സർവ്വകലാശാലയേത് പോലെ കേരള ഫിഷറീസ് ആൻഡ് സമുദ്ര പഠന സർകവലാശാല (കുഫോസ്) വൈസ് ചാൻസലർ നിയമനം ഹൈക്കോടതി റദ്ദാക്കിയ നടപടി സർക്കാറിനേറ്റ തിരിച്ചടിയാണ്. സർവകലാശാല നിയമനങ്ങളിൽ ഗവർണർ പറഞ്ഞത് ശരിയാണെന്നാണ് ഇത് ശരിവെക്കുന്നത്. വൈസ് ചാൻസലർമാർക്ക് മാത്രമല്ല മന്ത്രി ബാലഗോപാലനടക്കം രാജിവെക്കേണ്ടിവരും. സംസ്ഥാന സർക്കാറിന്റെ ജനാധിപത്യ വിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെയും അഴിമതി, വിലക്കയറ്റം എന്നിവ ഉയർത്തിച്ച് ഇന്ന് മുതൽ 30 വരെ സംസ്ഥാനത്ത് ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കും. 18, 19 തീയതികളിൽ ജില്ലാ കേന്ദ്രങ്ങളിൽ പ്രതിഷേധ സംഗമവും നടത്തും. പത്രസമ്മേളനത്തിൽ ജില്ലാ പ്രസിഡന്റ് കെ.എം. ഹരിദാസും പങ്കെടുത്തു.

## വ്യാജ വിവാഹരേഖ ചമക്കൽ അന്വേഷിക്കണം: രൂപത ജാഗ്രത സമിതി

**പാലക്കാട്:** പാലക്കയത്തെ റിസോർട്ടിൽ വിവാഹം നടന്നു എന്ന കത്ത് ഉപയോഗിച്ച് ക്രിസ്തുമത വിശ്വാസിനിയായ യുവതിയുടെയും ഇതരമതസ്ഥനായ യുവാവിന്റെയും വിവാഹം രജിസ്റ്റർ ചെയ്യാൻ ചിലർ നടത്തിയ നിയമലംഘനം ഗൗരവമായി അന്വേഷിക്കണമെന്ന് പാലക്കാട് രൂപത ജാഗ്രത സമിതി ആവശ്യപ്പെട്ടു.

മിശ്ര വിവാഹത്തിന് കൃത്യമായ നടപടിക്രമങ്ങൾ നിലവിലെ നിയമം അനുശാസിക്കുന്നുണ്ട്. ഇത്തരം നടപടിക്രമങ്ങൾ ഒന്നും ഇവിടെ പാലിച്ചതായി കാണുന്നില്ല.

നിയമം അനുശാസിക്കുന്ന പരിശോധനകൾക്ക് പോലും മുതിരാതെ അനധികൃതമായ (വ്യാജ) വിവാഹം നെയ്യാമികമാക്കാൻ ജനപ്രതിനിധികൾ ഉൾപ്പെടയുള്ളവർ ശ്രമിച്ചതായിട്ടുള്ള ആരോപണം ഗുരുതരമാണ്.

നിയമ വിരുദ്ധ നടപടികൾക്ക് വേദിയൊരുക്കിയ റിസോർട്ടിനെതിരെയും, ജനപ്രതിനിധികൾ ഉൾപ്പെടെ ഇതിന് പിന്നിൽ പ്രവർത്തിച്ചവർക്കെതിരെയും നിയമാനുസൃത നടപടികൾ സ്വീകരിക്കാൻ അധികാരികൾ തയ്യാറാകണം. പാലക്കാട് രൂപതാ ജാഗ്രത സമിതി അംഗങ്ങളായ ഫാ. മാത്യു ഇല്ലത്തുപറമ്പിൽ, ഫാ. ജോബി, മാത്യു, ഫാ. സീജോ, ജുബിൻ തുടങ്ങിയവർ പ്രസംഗിച്ചു.

# ബസ് സ്റ്റാൻഡ് സംരക്ഷണസമിതി ബസ് തടയൽ സമരം നടത്തും

**വടക്കഞ്ചേരി:** വടക്കഞ്ചേരി ബസ് സ്റ്റാൻഡിനോടുള്ള സ്വകാര്യ ബസുകളുടെയും പോലീസിന്റെയും പഞ്ചായത്തിന്റെയും അവഗണനയിൽ പ്രതിഷേധിച്ച് ഇന്ന് രാവിലെ 8.30 മുതൽ സ്റ്റാൻഡിൽ കയറാതെ സർവീസ് നടത്തുന്ന തൃശൂർ-പാലക്കാട്, ചിറ്റൂർ-ഗോവിന്ദാപുരം റൂട്ടിലോടുന്ന സ്വകാര്യ ബസുകളെ ബസ് സ്റ്റാൻഡ് സംരക്ഷണ സമിതി തടഞ്ഞിടും. ദേശീയപാത നിർമാണം പൂർണമായിട്ടും വടക്കഞ്ചേരി സ്റ്റാൻഡിൽ പ്രവേശിക്കാൻ ബസുകൾക്ക് മടിയാണ്. പരാതിപെട്ടാൽ പോലും പോലീസോ, പഞ്ചായത്ത് ഭരണസംവിധാനമോ നടപിടിയെടുക്കാറില്ല. വടക്കഞ്ചേരി ടൗണിലെ ഗതാഗത പരിഷ്കരണത്തിന്റെ ഭാഗമായി പലതവണ വടക്കഞ്ചേരി സ്റ്റാൻഡിൽ പഞ്ചിങ് സ്റ്റേഷൻ ആരംഭിക്കുമെന്ന് പോലീസും പഞ്ചായത്ത് ഭരണസമിതിയും എം.എൽ.എയും ഉറപ്പു നൽകിയെങ്കിലും പാലിക്കപ്പെട്ടില്ല.

ചില ബസുകൾ ടി.ബി. ജങ്ഷനിൽ നിന്നും പോലീസ് സ്റ്റേഷനു മുന്നിലൂടെ തൃശൂരിലേക്ക് പോകും.യാത്രക്കാർക്ക് വെയിലും മഴയും കൊള്ളാതെ സൗകര്യങ്ങൾ ഒരുക്കിയ സ്റ്റാൻഡിൽ ഇപ്പോൾ ലോക്കൽ ബസ് മാത്രം. സ്റ്റാന്റിന്റെ നവീകരണമെന്ന പേരിൽ ലക്ഷക്കണക്കിന് രൂപ വാടക പിരിച്ചെടുക്കുന്നുണ്ടെങ്കിലും പഞ്ചായത്ത് ഫലപ്രദമായി വിനിയോഗിക്കുന്നില്ലെന്ന പരാതി ശക്തമാണ്.

## കനാലുകൾ വൃത്തിയാക്കണമെന്ന്

**വടക്കഞ്ചേരി:** രണ്ടാം വിള നെൽ കർഷകർക്ക് ജലസേചനം ലഭ്യമാക്കുന്നതിന് വേണ്ടി മംഗലം ഡാം, പോത്തുണ്ടി കനാലുകൾ വൃത്തിയാക്കാൻ വേണ്ട നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് വണ്ടാഴി ഗ്രാമപഞ്ചായത്ത് അംഗം ആർ. സുരേഷ് ആവശ്യപ്പെട്ടു. വർഷങ്ങളായി നടത്തിവരാറുള്ള കനാലുകളുടെ പണി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ സർക്കാരിന്റെ നിയമ തടസം മൂലം രണ്ടാം വിള നെൽ കർഷകരുടെ സമയമായിട്ടും ജലസേചനത്തിന് കനാലുകൾ വൃത്തിയാക്കുന്ന നടപടി ആരംഭിച്ചിട്ടില്ല.

## ഗ്രാമസഭ നാളെ

**വടക്കഞ്ചേരി:** വണ്ടാഴി ഗ്രാമപഞ്ചായത്തിലെ 2022-23 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി അഞ്ചാം വാർഡ് ഗ്രാമസഭ നാളെ മുടപ്പല്ലൂർ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ രാവിലെ 10ന് ചേരുമെന്ന് വാർഡ് മെംബർ ആർ. സുരേഷ് അറിയിച്ചു.

## എക്സിബിഷൻ നടത്തി

**ചിറ്റൂർ:** ലോക പ്രമേഹ ദിനത്തോടാനുബന്ധിച്ച് തത്തമംഗലം ഗവ. ആയുർവേദ ആശുപത്രിയിൽ ഡയബറ്റിക് ഡയറ്റ് പ്ലാൻ എക്സിബിഷൻ നടത്തി. മെഡിക്കൽ ഓഫിസർമാരായ ഡോ. ജയകൃഷ്ണൻ, ഡോ. ഒ.വി. ദിവ്യ, ഡോ. സൗമ്യ ഗോപിനാഥ് എന്നിവർ പ്രമേഹ രോഗികൾ കഴിക്കേണ്ടതായ ഉത്തമമായ ഭക്ഷണങ്ങൾ ഉൾപ്പെടുത്തിയ ഫുഡ് പ്ലേറ്റ് രോഗികൾക്ക് പരിചയപ്പെടുത്തി.

## ആരോഗ്യ സംരക്ഷണ പരിശീലന പരിപാടിക്ക് ഇന്ന് തുടക്കം

**പെരുങ്ങോട്ടുകുറിശ്ശി:** രണ്ടാംഘട്ട പ്രത്യേക ആരോഗ്യ സംരക്ഷണ പരിശീലന പരിപാടിക്ക് ഇന്ന് തുടക്കമാകും. പെരുങ്ങോട്ടുകുറിശ്ശിയിൽ ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെ ഗവ. ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിലാണ് പദ്ധതിയുടെ ഭാഗമായ ആരോഗ്യ സംരക്ഷണ പരിശീലന പരിപാടിക്ക് വേദിയാവുന്നത്. ദിവസവും രാവിലെ ആറുമണി മുതൽ ഒരുമണിക്കൂർ നീളുന്നതാണ് പരിശീലന പരിപാടി. തരൂർ മണ്ഡലത്തിൽ ആദ്യഘട്ടം വിജയകരമായി പൂർത്തിയാക്കിയ പദ്ധതി രണ്ടാംഘട്ടത്തിൽ എല്ലാ പ്രായക്കാർക്കും പങ്കെടുക്കാൻ കഴിയാവുന്ന വിധത്തിലാണ് ക്രമീകരിച്ചിട്ടുള്ളത്.



■ ആലത്തൂർ സബ് ജില്ല കലോത്സവത്തിൽ എൽ.പി, യു.പി. വിഭാഗങ്ങളിൽ അഗ്രിഗേറ്റ് സെക്കൻഡ് നേടിയ വടക്കഞ്ചേരി മദർ തെരേസ യു.പി. സ്കൂൾ.

## ചിറ്റൂർ ഉപജില്ലാ കലോത്സവം നാളെ മുതൽ 19 വരെ

**ചിറ്റൂർ:** ഉപജില്ല കലോത്സവം 16 മുതൽ 19 വരെ ഏഴ് കേന്ദ്രങ്ങളിലായി നടക്കും. 17ന് കലോത്സവ പരിപാടികൾ രാവിലെ 10ന് വിക്ടോറിയ ഗേൾസ് ഹൈസ്കൂളിൽ മന്ത്രി കെ കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യും. ചിറ്റൂർ ഉപജില്ലയിലെ 103 വിദ്യാലയങ്ങളിൽ നിന്നായി 4600 വിദ്യാർത്ഥികൾ 306 ഇനങ്ങളിലായി നടക്കുന്ന മത്സരങ്ങളിൽ പങ്കെടുക്കും.


## ബി.പി.എൽ. ലിമിറ്റഡ്

BPL

രജി. ഓഫീസ്: ബി.പി.എൽ, വർക്സ്, പാലക്കാട് – 678 007, കേരളം, CIN: L28997KL1963PLC002015
E-mail: invester@bpl.in, URL: www.bpl.in, Tel. No: +918025589109

2022 സെപ്റ്റംബർ 30 ന് അവസാനിച്ച പാദവാർഷികത്തിലെ ഓഡിറ്റ് ചെയ്യാത്ത സാമ്പത്തിക ഫലങ്ങളുടെ സ്റ്റാൻഡ് എലോൺ / കൺസോളിഡേറ്റഡ് സ്റ്റേറ്റ്മെന്റ്

രൂപ ലക്ഷത്തിൽ

| വിവരങ്ങൾ | സ്റ്റാൻഡ് എലോൺ | | | കൺസോളിഡേറ്റഡ് | |
|---|---|---|---|---|---|
| | പാദവാർഷികം അവസാനിച്ച | | വാർഷികം അവസാനിച്ച | പാദവാർഷികം അവസാനിച്ച | വാർഷികം അവസാനിച്ച |
| | 30 സെപ്റ്റംബർ 2022 ഓഡിറ്റ് ചെയ്യാത്ത | 30 സെപ്റ്റംബർ 2021 ഓഡിറ്റ് ചെയ്യാത്ത | 31 മാർച്ച് 2022 ഓഡിറ്റ് ചെയ്തത് | 30 സെപ്റ്റംബർ 2022 ഓഡിറ്റ് ചെയ്യാത്ത | 31 മാർച്ച് 2022 ഓഡിറ്റ് ചെയ്തത് |
| 1. ആകെ പ്രവർത്തന വരുമാനം | 1,223.27 | 1,290.87 | 4,919.18 | 1,225.33 | 4,919.18 |
| 2. കാലാവധി സമയത്ത് അറ്റലാഭം/നഷ്ടം (നികുതിക്ക് മുമ്പ്/ അല്ലെങ്കിൽ അസാധാര ഇനങ്ങൾക്ക് മുമ്പ്) | 176.41 | 266.59 | 764.85 | 170.83 | 764.85 |
| 3. നികുതിക്ക് മുമ്പുള്ള സമയത്ത് അറ്റലാഭം / നഷ്ടം (നികുതി ഒഴിവുകൾ കൂടാതെ / അല്ലെങ്കിൽ അസാധാരണ ഇനങ്ങൾക്ക് ശേഷം) | 176.41 | 266.59 | 764.85 | 170.83 | 764.85 |
| 4. നികുതിക്ക് ശേഷമുള്ള കാലയളവിലെ അറ്റലാഭം/നഷ്ടം (ഒഴിവുകൾ കൂടാതെ / അല്ലെങ്കിൽ അസാധാരണ ഇനങ്ങൾക്ക് ശേഷം | 176.41 | 266.59 | 1294.95 | 170.83 | 1,294.95 |
| 5. നികുതിക്ക് ശേഷം ലാഭം/ നഷ്ടം കണക്കിൽ ഉൾപ്പെടുത്തിയ ആകെ സമഗ്ര വരുമാനം | 176.41 | 266.59 | 1,646.91 | 170.83 | 1,646.91 |
| 6. ഓഹരി മൂലധനം | 4,897.67 | 4,888.58 | 4,890.69 | 4,897.67 | 4,890.69 |
| 7. സെക്യൂരിറ്റി പ്രീമിയം എക്കൗണ്ട് | 9.64 | - | 2.24 | 9.64 | 2.24 |
| 8. മൊത്തം ആസ്തി | 16,853.50 | 14,752.04 | 16,545.55 | 30,390.22 | 30,092.47 |
| 9. വായ്പ – മൂലധന അനുപാതം | 0.05 | 0.06 | 0.06 | 0.07 | 0.07 |
| 10. പ്രതി ഓഹരി വരുമാനം (തുടർച്ചയായ അല്ലെങ്കിൽ തുടർച്ചയല്ലാത്ത പ്രവർത്തനത്തിന്) 10 രൂപ നിരക്കിൽ | | | | | |
| 1. ബേസിക് | 0.36 | 0.55 | 3.37 | 0.35 | 3.37 |
| 2. ഡെല്യൂട്ടഡ് | 0.36 | 0.55 | 3.37 | 0.35 | 3.37 |
| 11. വീണ്ടെടുക്കാവുന്ന മൂലധന നീക്കിയിരുപ്പ് | 5,333.00 | 5,333.00 | 5,333.00 | 5,333.00 | 5,333.00 |
| 12. വീണ്ടെടുക്കാവുന്ന കടപ്പത്ര നീക്കിയിരുപ്പ് | - | - | - | - | - |
| 13. കടം സേവന കവറേജ് അനുപാതം | 8.31 | 7.94 | 9.47 | 8.13 | 6.40 |
| 14. പലിശ സേവന കവറേജ് അനുപാതം | 6.58 | 7.00 | 5.43 | 6.40 | 5.43 |

#ഇൻഡ് നിയമങ്ങൾക്കനുസൃതമായി ലാഭ നഷ്ടപ്രസ്താവനയിൽ ക്രമീകരിച്ചിട്ടുള്ള അസാധാരണമായ കൂടാതെ / അല്ലെങ്കിൽ അസാധാരണമായ ഇനങ്ങൾ.

കുറിപ്പ് :

a) എൽ.ഒ.ഡി.ആർ റെഗുലേഷൻസിന്റെ 52 ാം ചട്ടപ്രകാരം സ്റ്റോക്ക് എക്സചേഞ്ചിൽ ഫയൽ ചെയ്ത പാദവാർഷിക സാമ്പത്തിക അവലോകനത്തിന്റെ വിശദമാതൃകയുടെ ചുരുക്ക രൂപമാണ്. പാദ വാർഷിക സാമ്പത്തികാവലോകനത്തിന്റെ പൂർണ്ണരൂപം സ്റ്റോക്ക് എക്സ്ചേഞ്ച് വെബ്സൈറ്റുകളിൽ ലഭ്യമാണ്. (www.bseindia.com, www.nseindia.com)

b) എൽ.ഒ.ഡി.ആർ റെഗുലേഷൻസ് 52 (4)ൽ പരാമർശിച്ചിരിക്കുന്ന മറ്റു ലൈൻ ഇനങ്ങൾ സ്റ്റോക് എക്സ്ചേഞ്ചിൽ പ്രസക്തമായ വെളിപ്പെടുത്തൽ നടത്തിയിട്ടുണ്ട് അത് അവരുടെ യു.ആർ.എൽ (www.bseindia.com, www.nseindia.com) ൽ ലഭ്യമാണ്.

c) ഒരു അടിക്കുറിപ്പു മുഖേന വെളിപ്പെടുത്തിയ എക്കൗണ്ടിങ് പോളിസികളിലെ മാറ്റങ്ങൾ കാരണം അറ്റാധായം / നഷ്ടം, മൊത്തം സമഗ്ര വരുമാനം അല്ലെങ്കിൽ മറ്റേതെങ്കിലും പ്രസക്തമായ സാമ്പത്തിക ഇനങ്ങളിൽ യാതൊരു സ്വാതീനവും ഇല്ല.

ബാഗ്ലൂർ
14 നവമ്പർ 2022

ബി.പി.എൽ. ലിമിറ്റഡിനുവേണ്ടി (ഒപ്പ്).
അജിത് ജി നമ്പ്യാർ, ചെയർമാൻ / മാനേജിംഗ് ഡയറക്ടർ


## പ്ലാച്ചിമട സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കൈരളി പുലയർ മഹാസഭ

**ചിറ്റൂർ:** പ്ലാച്ചിമട കമ്പനിയുമായി ബന്ധപ്പെട്ട് ദുരിതമനുഭവിക്കുന്ന പരിസരവാസികൾക്ക് നീതി നിഷേധം തുടരാനാവില്ലെന്ന് കൈരളി പുലയർ മഹാസഭ സംസ്ഥാന നേതാക്കൾ പറഞ്ഞു. നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സർക്കാർ എത്രയും വേഗം സ്വീകരിക്കണമെന്ന് കൈരളി പുലയർ മഹാസഭ ആവശ്യപ്പെട്ടു. പ്ലാച്ചിമട സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് നടന്ന യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് എം.ടി. ശിവൻ,സംസ്ഥാന ജനറൽ സെക്രട്ടറി എൻ.കെ. രമേശൻ, ജില്ല സെക്രട്ടറി വി. പത്മമോഹനൻ, സി. കണ്ണൻ, സി. ചാമുണ്ണി, കെ.എൻ. വേലായുധൻ, കെ. ദേവദാസ്, പ്ലാച്ചിമട സമര സമിതി ചെയർമാൻ വിളയോടി വേണുഗോപാൽ, കണ്ണദാസ്, എ. ശാന്തി,പൊന്നുച്ചാമി പ്രസംഗിച്ചു.

## സ്വീറ്റ് ലിവിങ്ങ് വിത്ത് ഡയബെറ്റീസ് പരിപാടിക്ക് തുടക്കമായി

**പാലക്കാട്:** ലോക പ്രമേഹ ദിനത്തിൽ റോട്ടറി ക്ലബ് ഓഫ് പാലക്കാട് ഫോർട്ടും, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ പാലക്കാട് ബ്രാഞ്ചും സംയുക്തമായി സംഘടിപ്പിച്ച സ്വീറ്റ് ലിവിങ്ങ് വിത്ത് ഡയബെറ്റിസ് പരിപാടി ഷാഫി പറമ്പിൽ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ഐ.എം.എ. പാലക്കാട് ബ്രാഞ്ച് പ്രസിഡന്റ് ഡോ. എൻ.എം. അരുൺ അധ്യക്ഷത വഹിച്ചു. റോട്ടറി സോണൽ ചെയർമാൻ പി. സന്തോഷ് കുമാർ പരിപാടിയെക്കുറിച്ച് വിശദീകരിച്ചു. ഡോ. എ.പി. രാധാകൃഷ്ണൻ പ്രമേഹ ബോധവൽക്കരണ പ്രഭാഷണം നടത്തി. മുൻ ഡിവൈ.എസ്.പി. കാസിം, സുരേഷ്, ബാലകൃഷ്ണൻ, എസ്. ശബരീഷ് പ്രസംഗിച്ചു. റോട്ടറി പാലക്കാട് ഫോർട്ട് പ്രസിഡന്റ് കെ.വി. സജീവ് കുമാർ സ്വാഗതവും ഐ.എം.എ. പാലക്കാട് ബ്രാഞ്ച് സെക്രട്ടറി ഡോ. സത്യജിത്ത് നന്ദിയും പറഞ്ഞു. ട്രിനിറ്റി ആശുപത്രിയുടെ സഹകണത്തോടെ പൊതുജനങ്ങൾക്കായിപ്രമേഹ രക്ത പരിശോധനാ ക്യാമ്പ് നടത്തി.


## ഭാരതീയ സ്റ്റേറ്റ് ബാങ്ക്

SBI
റീട്ടെയിൽ അസെറ്റ് സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് സെന്റർ
(RASMEC-10213) SBI ബിൽഡിംഗ്, ഇംഗ്ലീഷ് ചർച്ച് റോഡ്, പാലക്കാട്
ഫോൺ: 0491 2504654, ഇ-മെയിൽ: rasmeccc.palakkad@sbi.co.in

### വായ്പക്കാരനുള്ള നോട്ടീസ്

വായ്പക്കാരായ **ശ്രീ തൗഫീക്ക് എ**, S/o ശ്രീ. അബ്ദുൾ സുക്കൂർ, ചുള്ളിമട, കഞ്ചിക്കോട് പി.ഒ., പാലക്കാട്-678 621 (**വായ്പക്കാരൻ**), **ശ്രീമതി ഹാജറ പി.കെ**, W/o ശ്രീ.അബ്ദുൾ സുക്കൂർ, ചുള്ളിമട, കഞ്ചിക്കോട് പി.ഒ., പാലക്കാട്-678 621 (**ജാമ്യക്കാരി**) എന്നിവർ, **സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, വാളയാർ ശാഖയിൽ** നിന്ന് അവർക്ക് ലഭ്യമാക്കിയ വായ്പയുടെ മുതലും പലിശയും തിരിച്ചടക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതാണെന്നും വായ്പ നിഷ്ക്രിയ ആസ്തിയായി (NPA) തരംതിരിച്ചിട്ടുള്ളതാണെന്നും ഇതിനാൽ അറിയിക്കുന്നു. സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002ന്റെ വകുപ്പ് 13(2) പ്രകാരം, അവരുടെ ഒടുവിൽ അറിവിലുള്ള വിലാസത്തിലേക്ക് നോട്ടീസുകൾ അയച്ചിട്ടുള്ളതാണ്. എന്നാൽ ടി നോട്ടീസുകൾ കൈപ്പറ്റാതെ മടങ്ങി വന്നതിനാൽ ഈ പൊതു അറിയിപ്പിലൂടെ അവരെ അറിയിക്കുന്നു.

| |
|---|
| വായ്പക്കാരന്റെ പേര്: **ശ്രീ. തൗഫീക്ക് എ.** |
| വസ്തുവിന്റെ വിവരണം/നടപടിയെടുക്കേണ്ട ഈട് വസ്തുവിന്റെ വിലാസം: 20.11.1995 തീയതിയിലെ 7292/1995 നമ്പർ വിലയാധാരപ്രകാരം, ശ്രീമതി ഹാജറ പി.കെ., W/o അബ്ദുൾ സുക്കൂർ എന്നവരുടെ പേരിൽ പാലക്കാട് ജില്ലയിൽ, പാലക്കാട് സബ്ബ്രജിസ്ട്രി ഓഫീസിൽ പരിധിയിൽ, പാലക്കാട് താലൂക്കിൽ, പുതുശ്ശേരി വില്ലേജിൽ, പുതുശ്ശേരി അംശത്തിലും ദേശത്തിലും, റീ സർവ്വേ നമ്പർ 148/8 (പഴയ സർവ്വേ നമ്പർ 983A/9) ൽ ഉൾപ്പെട്ട 0.0165 ഹെക്ടർ സ്ഥലവും മുഴുവൻ ചമയങ്ങളും. അതിരുകൾ: കിഴക്ക്: PWD റോഡ്, തെക്ക്: ഷാഹുൽ ഹമീദ് വക സ്ഥലം, പടിഞ്ഞാറ്: മണി വക വസ്തു, വടക്ക്: ഫസൽ റഹ്മാൻ വക വസ്തു. |
| നോട്ടീസ് തീയതി: **4.8.2022** നിഷ്ക്രിയ ആസ്തി (NPA) ആയിത്തീർന്ന തീയതി: **28.7.2022** |
| കുടിശ്ശിക തുക: 2022 ആഗസ്റ്റ് 4ന് **Rs. 4,39,235/-** (നാലുലക്ഷത്തി മുപ്പത്തിയൊൻപതിനായിരത്തി ഇരുനൂറ്റി മുപ്പത്തിയഞ്ച് രൂപ). |

നോട്ടീസ് നൽകുന്നതിനുള്ള ബദൽ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ 60 ദിവസത്തിനകം കുടിശ്ശിക തുക തിരിച്ചടയ്ക്കുവാൻ മേൽപ്പറഞ്ഞ വായ്പക്കാരോടും ജാമ്യക്കാരോടും ഇതിനാൽ അവശ്യപ്പെടുന്നു. ഇതിൽ വീഴ്ചവരുത്തുന്ന പക്ഷം ഈ നോട്ടീസ് തീയതി മുതൽ 60 ദിവസം കഴിയുമ്പോൾ സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002ന്റെ വകുപ്പ് 13 ഉപവകുപ്പ് (4) പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ഈട് വസ്തുവകകൾ തിരിച്ചെടുക്കുന്നതിന് ലഭ്യമായ സമയത്തെ സംബന്ധിച്ച് ടി ആക്ടിന്റെ വകുപ്പ് 13 ഉപവകുപ്പ് (8) പ്രകാരമുള്ള സമയപരിധിയിലേക്ക് വായ്പക്കാരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

തീയതി: 14.11.2022
സ്ഥലം: പാലക്കാട്

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ
ഭാരതീയ സ്റ്റേറ്റ് ബാങ്ക്

## ഭാരതീയ സ്റ്റേറ്റ് ബാങ്ക്

SBI
റീട്ടെയിൽ അസെറ്റ് സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് സെന്റർ
(RASMEC-10213) SBI ബിൽഡിംഗ്, ഇംഗ്ലീഷ് ചർച്ച് റോഡ്, പാലക്കാട്
ഫോൺ: 0491 2504654, ഇ-മെയിൽ: rasmeccc.palakkad@sbi.co.in

### വായ്പക്കാരനുള്ള നോട്ടീസ്

വായ്പക്കാരായ ശ്രീ. രാധാകൃഷ്ണൻ എസ്, S/o.സുകുമാരൻ, പ്രിയങ്ക നിവാസ്, നരസിംഹപുരം പോസ്റ്റ്, കഞ്ചിക്കോട് വെസ്റ്റ്, പാലക്കാട് - 678 623 & ശ്രീമതി സീമ രാധാകൃഷ്ണൻ, W/o രാധാകൃഷ്ണൻ എസ്, പ്രിയങ്ക നിവാസ്, നരസിംഹപുരം പോസ്റ്റ്, കഞ്ചിക്കോട് വെസ്റ്റ്, പാലക്കാട്-678 623 (**വായ്പക്കാർ**), എന്നിവർ, **സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ, പുതുശ്ശേരി ശാഖയിൽ** നിന്ന് അവർക്ക് ലഭ്യമാക്കിയ വായ്പയുടെ മുതലും പലിശയും തിരിച്ചടക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതാണെന്നും വായ്പ നിഷ്ക്രിയ ആസ്തിയായി (NPA) തരംതിരിച്ചിട്ടുള്ളതാണെന്നും ഇതിനാൽ അറിയിക്കുന്നു. സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002ന്റെ വകുപ്പ് 13(2) പ്രകാരം, അവരുടെ ഒടുവിൽ അറിവിലുള്ള വിലാസത്തിലേക്ക് നോട്ടീസുകൾ അയച്ചിട്ടുള്ളതാണ്. എന്നാൽ ടി നോട്ടീസുകൾ കൈപ്പറ്റാതെ മടങ്ങി വന്നതിനാൽ ഈ പൊതു അറിയിപ്പിലൂടെ അവരെ അറിയിക്കുന്നു.

| |
|---|
| വായ്പക്കാരന്റെ പേര്: **ശ്രീ. രാധാകൃഷ്ണൻ എസ് & ശ്രീമതി സീമ രാധാകൃഷ്ണൻ** |
| വസ്തുവിന്റെ വിവരണം/നടപടിയെടുക്കേണ്ട ഈട് വസ്തുവിന്റെ വിലാസം: 6.12.2003 തീയതിയിലെ 6069/2003 നമ്പർ ജന്മം വിലയാധാരപ്രകാരം, ശ്രീ രാധാകൃഷ്ണൻ എസ് S/o സുകുമാരൻ & ശ്രീമതി സീമ രാധാകൃഷ്ണൻ W/o രാധാകൃഷ്ണൻ എസ് എന്നവരുടെ പേരിൽ പാലക്കാട് ജില്ലയിൽ, പാലക്കാട് SRO പരിധിയിൽ, പാലക്കാട് താലൂക്കിൽ, പുതുശ്ശേരി വെസ്റ്റ് വില്ലേജിൽ സർവ്വേ നമ്പർ 65/4 (പഴയ സർവ്വേ നമ്പർ 447/4pt) ൽ ഉൾപ്പെട്ട 0.0208 ഹെക്ടർ സ്ഥലവും മുഴുവൻ ചമയങ്ങളും. അതിരുകൾ: കിഴക്ക്: പ്രേമാനന്ദന്റെ വസ്തു, തെക്ക്: പൊതു നടവഴി പടിഞ്ഞാറ്: കുമാറിന്റെ വീടും നടവഴിയും, വടക്ക്: ബീവിജാന്റെ വസ്തു. |
| നോട്ടീസ് തീയതി: **3.8.2022** നിഷ്ക്രിയ ആസ്തി (NPA) ആയിത്തീർന്ന തീയതി: **31.03.2022** |
| കുടിശ്ശിക തുക: 2022 ആഗസ്റ്റ് 3ന് **Rs. 4,70,987/-** (നാലുലക്ഷത്തി എഴുപതിനായിരത്തി തൊള്ളായിരത്തി എൺപത്തേഴുരൂപ). |

നോട്ടീസ് നൽകുന്നതിനുള്ള ബദൽ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ 60 ദിവസത്തിനകം കുടിശ്ശിക തുക തിരിച്ചടയ്ക്കുവാൻ മേൽപ്പറഞ്ഞ വായ്പക്കാരോടും ജാമ്യക്കാരോടും ഇതിനാൽ അവശ്യപ്പെടുന്നു. ഇതിൽ വീഴ്ചവരുത്തുന്ന പക്ഷം ഈ നോട്ടീസ് തീയതി മുതൽ 60 ദിവസം കഴിയുമ്പോൾ സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002ന്റെ വകുപ്പ് 13 ഉപവകുപ്പ് (4) പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ഈട് വസ്തുവകകൾ തിരിച്ചെടുക്കുന്നതിന് ലഭ്യമായ സമയത്തെ സംബന്ധിച്ച് ടി ആക്ടിന്റെ വകുപ്പ് 13 ഉപവകുപ്പ് (8) പ്രകാരമുള്ള സമയപരിധിയിലേക്ക് വായ്പക്കാരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

തീയതി: 14.11.2022
സ്ഥലം: പാലക്കാട്

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ
ഭാരതീയ സ്റ്റേറ്റ് ബാങ്ക്



## ഭാരതീയ സ്റ്റേറ്റ് ബാങ്ക്

SBI
റീട്ടെയിൽ അസെറ്റ് സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് സെന്റർ
(RASMEC-10213) SBI ബിൽഡിംഗ്, ഇംഗ്ലീഷ് ചർച്ച് റോഡ്, പാലക്കാട്
ഫോൺ: 0491 2504654, ഇ-മെയിൽ: rasmeccc.palakkad@sbi.co.in

### വായ്പക്കാരനുള്ള നോട്ടീസ്

വായ്പക്കാരായ **ശ്രീ തൗഫീക്ക് എ**, S/o ശ്രീ. അബ്ദുൾ സുക്കൂർ, ചുള്ളിമട, കഞ്ചിക്കോട് പി.ഒ., പാലക്കാട്-678 621 (**വായ്പക്കാരൻ**), **ശ്രീമതി ഹാജറ പി.കെ**, W/o ശ്രീ.അബ്ദുൾ സുക്കൂർ, ചുള്ളിമട, കഞ്ചിക്കോട് പി.ഒ., പാലക്കാട്-678 621 (**ജാമ്യക്കാരി**) എന്നിവർ, **സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, വാളയാർ ശാഖയിൽ** നിന്ന് അവർക്ക് ലഭ്യമാക്കിയ വായ്പയുടെ മുതലും പലിശയും തിരിച്ചടക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതാണെന്നും വായ്പ നിഷ്ക്രിയ ആസ്തിയായി (NPA) തരംതിരിച്ചിട്ടുള്ളതാണെന്നും ഇതിനാൽ അറിയിക്കുന്നു. സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002ന്റെ വകുപ്പ് 13(2) പ്രകാരം, അവരുടെ ഒടുവിൽ അറിവിലുള്ള വിലാസത്തിലേക്ക് നോട്ടീസുകൾ അയച്ചിട്ടുള്ളതാണ്. എന്നാൽ ടി നോട്ടീസുകൾ കൈപ്പറ്റാതെ മടങ്ങി വന്നതിനാൽ ഈ പൊതു അറിയിപ്പിലൂടെ അവരെ അറിയിക്കുന്നു.

| |
|---|
| വായ്പക്കാരന്റെ പേര്: **ശ്രീ. തൗഫീക്ക് എ.** |
| വസ്തുവിന്റെ വിവരണം/നടപടിയെടുക്കേണ്ട ഈട് വസ്തുവിന്റെ വിലാസം: 20.11.1995 തീയതിയിലെ 7292/1995 നമ്പർ വിലയാധാരപ്രകാരം, ശ്രീമതി ഹാജറ പി.കെ., W/o അബ്ദുൾ സുക്കൂർ എന്നവരുടെ പേരിൽ പാലക്കാട് ജില്ലയിൽ, പാലക്കാട് സബ്ബ്രജിസ്ട്രി ഓഫീസിൽ പരിധിയിൽ, പാലക്കാട് താലൂക്കിൽ, പുതുശ്ശേരി വില്ലേജിൽ, പുതുശ്ശേരി അംശത്തിലും ദേശത്തിലും, റീ സർവ്വേ നമ്പർ 148/8 (പഴയ സർവ്വേ നമ്പർ 983A/9) ൽ ഉൾപ്പെട്ട 0.0165 ഹെക്ടർ സ്ഥലവും മുഴുവൻ ചമയങ്ങളും. അതിരുകൾ: കിഴക്ക്: PWD റോഡ്, തെക്ക്: ഷാഹുൽ ഹമീദ് വക സ്ഥലം, പടിഞ്ഞാറ്: മണി വക വസ്തു, വടക്ക്: ഫസൽ റഹ്മാൻ വക വസ്തു. |
| നോട്ടീസ് തീയതി: **4.8.2022** നിഷ്ക്രിയ ആസ്തി (NPA) ആയിത്തീർന്ന തീയതി: **28.7.2022** |
| കുടിശ്ശിക തുക: 2022 ആഗസ്റ്റ് 4ന് **Rs. 4,39,235/-** (നാലുലക്ഷത്തി മുപ്പത്തിയൊൻപതിനായിരത്തി ഇരുനൂറ്റി മുപ്പത്തിയഞ്ച് രൂപ). |

നോട്ടീസ് നൽകുന്നതിനുള്ള ബദൽ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ 60 ദിവസത്തിനകം കുടിശ്ശിക തുക തിരിച്ചടയ്ക്കുവാൻ മേൽപ്പറഞ്ഞ വായ്പക്കാരോടും ജാമ്യക്കാരോടും ഇതിനാൽ അവശ്യപ്പെടുന്നു. ഇതിൽ വീഴ്ചവരുത്തുന്ന പക്ഷം ഈ നോട്ടീസ് തീയതി മുതൽ 60 ദിവസം കഴിയുമ്പോൾ സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002ന്റെ വകുപ്പ് 13 ഉപവകുപ്പ് (4) പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ഈട് വസ്തുവകകൾ തിരിച്ചെടുക്കുന്നതിന് ലഭ്യമായ സമയത്തെ സംബന്ധിച്ച് ടി ആക്ടിന്റെ വകുപ്പ് 13 ഉപവകുപ്പ് (8) പ്രകാരമുള്ള സമയപരിധിയിലേക്ക് വായ്പക്കാരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

തീയതി: 14.11.2022
സ്ഥലം: പാലക്കാട്

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ
ഭാരതീയ സ്റ്റേറ്റ് ബാങ്ക്